3. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ

ഡോ. എൻ. ജയരാജ്: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ട് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിരണ്ട് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VII. സ്റ്റാറ്റ്യൂട്ടറി പ്രമേയം

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29-ാം ആക്ട്) 3 എ വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരമുള്ള പ്രമേയം

12.30 p.m.]

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരു കശുവണ്ടി ഫാക്ടറിയെ സംബന്ധിച്ച് 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്ട് (2015-ലെ 13) പ്രാബല്യത്തിൽ വരുന്ന ദിവസത്തിന് മുമ്പ് അല്ലെങ്കിൽ അതിനുശേഷമുള്ള ഏതെങ്കിലും ദിവസം, മൂന്ന് മാസത്തിൽ കുറയാത്ത ഒരു കാലയളവിൽ അത് അടച്ചിടുകയും അങ്ങനെയുള്ള അടച്ചിടൽ ആ ഫാക്ടറിയിലെ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഭൂരിപക്ഷം തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുവെന്നും കശുവണ്ടിഫാക്ടറി . പുനരാരംഭിക്കുന്നതിന് സത്വര നടപടി ആവശ്യമാണെന്നും പൊതുതാൽപ്പര്യത്തിൽ അങ്ങനെ പുനരാരംഭിക്കേണ്ടത് ആവശ്യമാണെന്നും സർക്കാരിന് ബോധ്യമാകുന്ന പക്ഷം, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന പ്രസ്തുത കശുവണ്ടി ഫാക്ടറി സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും പ്രഖ്യാപിക്കുന്നതിനായി 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29) 3 എ വകുപ്പ് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനാലും;

LIBRARY ARCHIVES Kerala Legislative Assembly